കന്യാകുളങ്ങര പി. എച്ച്. സെൻററിൽ ഒരു ക്ലാർക്കിനെ നിയമിക്കാൻ നടപടി

278 [331] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുളങ്ങര പി. എച്ച്. സെൻററിലുണ്ടായിരുന്ന ക്ലാർക്കിനെ അവിടെനിന്നും ഡെപ്യൂട്ടേഷനിലയച്ചിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഉദ്യോഗസ്ഥനെ കന്യാകുളങ്ങര പി.എച്ച്. സെൻററിൽതന്നെ നിയമിക്കുവാൻ വേണ്ട നടപടികളെടുക്കുമോ ;

(സി) ഇല്ലെങ്കിൽ ഇവിടെ വേറൊരാളെ പോസ്റ്റു ചെയ്യുമോ ?

ഉത്തരം

(എ) കന്യാകുളങ്ങര പ്രൈമറി ഹെൽത്ത് സെൻററിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് കല്ലറ പ്രൈമറി ഹെൽത്ത് സെൻററിൽ വർക്കിംഗ് അറേഞ്ചുമെൻറിൽ ജോലിനോക്കിവരികയായിരുന്നു.

(ബി, സി) കന്യാകുളങ്ങര പ്രൈമറി ഹെൽത്തു സെൻററിലേക്ക് ഒരു അപ്പർഡിവിഷൻ ക്ലാർക്കിനെ സ്ഥിരമായി നിയമിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ആയുർവ്വേദാശുപത്രികൾ

279 [332] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിചികിൽസ നടത്തുന്ന എത്ര ആശുപത്രികളാണ് ഉള്ളത് ; എവിടെയെല്ലാം ;

(ബി) തത്തമംഗലത്തുള്ള ആയുർവ്വേദാശുപത്രിയിൽ ആവശ്യത്തിനുള്ള സ്റ്റാഫും മരുന്നും ഇല്ലെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു ആയുർവ്വേദ ആശുപത്രി വീതം തുടങ്ങാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രകൃതിചികിൽസ നടത്തുന്ന ഒരു ആശുപത്രിയാണ് ഇപ്പോഴുള്ളത്. അത് തത്തമംഗലം ഗവൺമെൻറ് ആയുർവ്വേദ ആശുപത്രിയാണ്.

(ബി) ഇല്ല. തത്തമംഗലം ആശുപത്രിയിലേക്ക് അനുവദിച്ചിട്ടുള്ള തസ്തികകളിലെല്ലാംതന്നെ നിയമനം നടത്തിയിട്ടുള്ളതും, ജീവനക്കാർ ജോലി ചെയ്തുകൊണ്ടിരിക്കുന്നതുമാണ്.

(സി) എല്ലാ പഞ്ചായത്തുകളിലും ഓരോ ആയുർവ്വേദ ഡിസ്പെൻസറിയും, താലൂക്കുകളിൽ ഓരോ ആശുപത്രിയും വീതം തുറക്കണമെന്നാണ് ഗവൺമെൻറിൻെറ ലക്ഷ്യം. അതിനു വേണ്ട നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly